# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്—കുടുംബശ്രീ സംഘടനാ സംവിധാനം—ത്രിതല സംഘടനാ തെരഞ്ഞെടുപ്പ്—തെരഞ്ഞെടുപ്പ് ചട്ടങ്ങളിലും മാർഗ്ഗരേഖയിലും അവശ്യം വേണ്ടുന്ന ഭേദഗതികളും കൂട്ടിച്ചേർക്കലും വരുത്തി ഉത്തരവാകുന്നു

---

### തദ്ദേശ സ്വയംഭരണ (ഐ. എ.) വകുപ്പ്

സ. ഉ. (പി) നമ്പർ 169/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, 2011 ആഗസ്റ്റ് 5.

---

പരാമർശം:— 1. 08/2008/2008-ലെ സ.ഉ.(പി) നമ്പർ 222/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. സ.ഉ.(പി) നമ്പർ 272/2008/ത.സ്വ.ഭ.വ. തീയതി 13-10-2008.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13-7-2011-ലെ കെ.എസ്/എം/2899/2011 നമ്പർ കുറിപ്പ്.

## ഉത്തരവ്

എ.ഡി.എസ്.-സി.ഡി.എസ്. ഭരണസമിതികളിൽ 75% ബി.പി.എൽ. പ്രാതിനിധ്യം വേണമെന്നും സംസ്ഥാന അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം സി. ഡി. എസ്സുകളിൽ ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ വ്യവസ്ഥയിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി സംവരണം ചെയ്യണമെന്നും ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമവും, പഞ്ചായത്തും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെകൂടി നിർദ്ദേശാനുസരണം കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം (3)-ലെ കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുടുംബശ്രീയുടെ ചട്ടങ്ങളിലും തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലും അതിനനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ (തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങൾ) അനുസരിച്ച് 18.1 എന്ന ഉപവകുപ്പിൽ "തെരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭരണസമിതികൾ അധികാരം ഏൽക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്കും 90 (തൊണ്ണൂറ്) ദിവസം മുമ്പെങ്കിലും സി.ഡി.എസിൽ അഫിലിയേഷൻ നേടിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്കുമാത്രമെ എ.ഡി.എസ്., സി.ഡി.എസ്. തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പ്രാതിനിധ്യം

GCPT. 3/2968/2011/DTP.

ഉണ്ടായിരിക്കുകയുള്ളു" എന്ന് വിശദീകരിച്ചിരിക്കുന്നു. എന്നാൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പലപ്പോഴും ഇത്തരം അഫിലിയേഷൻ നടപടികളിൽ പരാതികൾ ഉയരുന്നു ണ്ടെന്നതിനാൽ പരാതിക്കാർക്ക് കാര്യകാരണങ്ങൾ ബോധിപ്പിച്ച് പരാതികളിന്മേൽ തീർപ്പുണ്ടാക്കുന്നതിനുള്ള അവസരം ലഭ്യമാക്കേണ്ടതുണ്ടെന്ന് പരാമർശം (3) പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

എ.ഡി.എസ്സുകളുടെ എണ്ണപ്പെരുപ്പം സി.ഡി.എസ്സുകളുടെ പ്രവർത്തന ബാഹുല്യത്തി ലേയ്ക്ക് നയിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുവേണ്ടി 50 എ.ഡി.എസ്സുകൾക്ക് ഒരു സി.ഡി.എസ്. എന്ന നിലവിലുള്ള ബൈലോ വ്യവസ്ഥ 30 എ.ഡി.എസ്സുകൾക്ക് ഒരു സി.ഡി.എസ്. എന്ന നിലയിലേക്ക് മാറ്റുന്നതിനെപ്പറ്റി നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

ആയതിനാൽ പ്രസ്തുത വ്യവസ്ഥകളിൽ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്നു.

**ബൈലോ ഭേദഗതി :**

| *നിലവിലുള്ളത്* | *ഭേദഗതി* |
|---|---|
| 12.5. കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്കു മാത്രമെ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുകയുള്ളു. അയൽക്കൂട്ട സെക്രട്ടറി/പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ. കുടുംബാംഗ പ്രതിനിധി ആയിരിക്കണം. അയൽക്കൂട്ടത്തിൽ ബി.പി.എൽ. അംഗ പ്രതിനിധി ആരുമില്ലാത്ത സാഹചര്യത്തിൽ, എ.പി.എൽ. അംഗങ്ങൾക്ക് സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും ടി ഭരണസമിതിയിലെ ബി.പി.എൽ. അംഗമായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, | 12.5. കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്കു മാത്രമെ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുകയുള്ളു. അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ. കുടുംബാംഗ പ്രതിനിധി ആയിരിക്കണം. അയൽക്കൂട്ടത്തിൽ ബി.പി.എൽ. അംഗ പ്രതിനിധി ആരുമില്ലാത്ത സാഹചര്യത്തിൽ മാത്രം എ.പി.എൽ. അംഗങ്ങൾക്ക് സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും ടി ഭരണസമിതിയിലെ ബി.പി.എൽ. അംഗമായിരിക്കണം. എ.ഡി.എസ്സിന്റെ 7 അംഗ ഭരണ |

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. ഭരണ സമിതിയിലെ ബി.പി.എൽ. അംഗമായിരിക്കണം. എ.ഡി.എസ്., സി.ഡി.എസ്. ഭരണസമിതികളിൽ കുറഞ്ഞത് 50% എങ്കിലും ബി.പി.എൽ. അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം. | സമിതിയിലെ 75% അംഗങ്ങളെങ്കിലും ബി.പി.എൽ. അംഗങ്ങൾ തന്നെയായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. ഭരണ സമിതിയിലെ ബി.പി.എൽ. അംഗമായിരിക്കണം. സി.ഡി.എസ്. ഭരണസമിതികളിൽ കുറഞ്ഞത് 75% എങ്കിലും ബി.പി.എൽ. അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം.<br><br>കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്. അയൽക്കൂട്ടങ്ങളിൽ 75%-ന് മുകളിൽ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണ സമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗ ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. 26%-ൽ താഴെ ബി.പി.എൽ. അംഗങ്ങൾ ഉണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു അംഗമെങ്കിലും ബി.പി.എൽ. ആയിരിക്കണം. |

| *നിലവിലുള്ളത്* | *ഭേദഗതി* |
|---|---|
| 11.3.1. തദ്ദേശ സ്വയംഭരണ പ്രദേശത്തെ വാർഡുകളുടെ/എ.ഡി.എസ്സ്.-കളുടെ എണ്ണം 50-ൽ കൂടുതൽ ആണെങ്കിൽ അവിടെ ഒന്നിൽ കൂടുതൽ സി.ഡി.എസ്സ്.-കൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. | 11.3.1. ഗ്രാമ പഞ്ചായത്ത്/നഗരസഭ എ.ഡി.എസ്സ്.-കളുടെ എണ്ണം 30-ൽ കവിയുകയാണെങ്കിൽ പ്രവർത്തന സൗകര്യത്തിനായി ആ തദ്ദേശ ഭരണ പ്രദേശത്ത് രണ്ട് സി.ഡി.എസ്സുകളും, എണ്ണം 60-ൽ കൂടുതലാണെങ്കിൽ 3 സി.ഡി.എസ്സുകളും, 90-ൽ കൂടുതലാണെങ്കിൽ 4 സി.ഡി.എസ്സുകളും എന്നിങ്ങനെ സി.ഡി.എസ്സുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. |
| 16.4.4.13. (നിലവിലില്ല) | 16.4.4.13. അയൽക്കൂട്ട അഫിലിയേഷൻ സംബന്ധിച്ച പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കൽ. ഇതിന്മേലുള്ള അപ്പീൽ അധികാരി ജില്ലാ കളക്ടർ ആയിരിക്കും. |

**തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ ഭേദഗതി :**

| | |
|---|---|
| 15.3.4. അയൽക്കൂട്ട സെക്രട്ടറി/പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ. കുടുംബാംഗ പ്രതിനിധിയായിരിക്കണം. ബി.പി.എൽ. കുടുംബാംഗ പ്രാതിനിധ്യമില്ലാത്ത അയൽക്കൂട്ടത്തിൽ എല്ലാ ഭാരവാഹിത്വത്തിലേക്കും എ.പി.എൽ. അംഗത്തെ തെരഞ്ഞെടുക്കാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും എ.ഡി.എസ്. ഭരണസമിതിയിലെ ബി.പി.എൽ. അംഗമായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. | 15.3.4. അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും അർഹത ഉണ്ടെങ്കിലും തെരഞ്ഞെടുക്കപ്പെടാനുള്ള അർഹത താഴെപ്പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ സംവരണം ചെയ്തിരിക്കുന്നു:<br>അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ. കുടുംബാംഗമായ അയൽക്കൂട്ട അംഗത്തിനായി സംവരണം ചെയ്തിരിക്കുന്നു.<br>അയൽക്കൂട്ടങ്ങളിൽ 75%-ന് മുകളിൽ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% |

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| ഭരണസമിതിയിലെ ബി.പി.എൽ. അംഗമായിരിക്കണം. എ.ഡി.എസ്., സി.ഡി.എസ്. ഭരണസമിതികളിൽ കുറഞ്ഞത് 50% എങ്കിലും ബി.പി.എൽ. അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം. കൂടാതെ സ്ഥാനാർത്ഥി ത്രിതല കുടുംബശ്രീ സംഘടനാ ഭരണസമിതികളിലെ ഭാരവാഹിസ്ഥാനം തുടർച്ചയായി രണ്ട് തവണ വഹിച്ചിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. | വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗ ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. 26%-ൽ താഴെ ബി.പി.എൽ. അംഗങ്ങളുണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു അംഗമെങ്കിലും ബി.പി.എൽ. ആയിരിക്കണം.<br><br>എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ. അംഗത്തിന് സംവരണം ചെയ്തിരിക്കുന്നു. എ.ഡി.എസ്സിന്റെ 7 അംഗ ഭരണസമിതിയിലെ 75% (5 അംഗങ്ങൾ) എങ്കിലും ബി.പി.എൽ. അംഗങ്ങൾ ആയിരിക്കണം.<br><br>സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ. അംഗത്തിന് സംവരണം ചെയ്തിരിക്കുന്നു. കൂടാതെ സി.ഡി.എസ്. ഭരണസമിതി അംഗങ്ങളിൽ 75% അംഗങ്ങളും ബി.പി.എൽ. അംഗങ്ങൾ ആയിരിക്കണം.<br><br>കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ |

| *നിലവിലുള്ളത്* | *ഭേദഗതി* |
| --- | --- |
| | പൊതുധാരാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്. കൂടാതെ, സ്ഥാനാർത്ഥി, കുടുംബശ്രീ ത്രിതല സംഘടനാ ഭരണസമിതികളിലെ ഒരേ ഭാരവാഹിസ്ഥാനം തുടർച്ചയായി രണ്ടുതവണ വഹിച്ചിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. |
| 18.1 തെരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭരണസമിതികൾ അധികാരം ഏൽക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്കും 90 ദിവസം മുമ്പെങ്കിലും സി.ഡി.എസ്സിൽ അഫിലിയേഷൻ നേടിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്കു മാത്രമേ എ.ഡി.എസ്.-സി.ഡി.എസ്. തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പ്രാതിനിധ്യം ഉണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം തെരഞ്ഞെടുപ്പ് നടത്തുവാൻ അർഹമായ അയൽക്കൂട്ടങ്ങളുടെ പട്ടിക സി.ഡി.എസ്. മെമ്പർ സെക്രട്ടറി തയ്യാറാക്കി സി.ഡി.എസ്. വരണാധികാരിയെ ഏൽപ്പിക്കണം. | 18.1 തെരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭരണസമിതികൾ അധികാരം ഏൽക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിക്കും 90 ദിവസം മുമ്പെങ്കിലും സി.ഡി.എസ്സിൽ അഫിലിയേഷൻ നേടിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്കു മാത്രമേ എ.ഡി.എസ്.-സി.ഡി.എസ്. തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പ്രാതിനിധ്യം ഉണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം തെരഞ്ഞെടുപ്പ് നടത്തുവാൻ അർഹമായ അയൽക്കൂട്ടങ്ങളുടെ പട്ടിക സി.ഡി.എസ്. മെമ്പർ സെക്രട്ടറി തയ്യാറാക്കി സി.ഡി.എസ്. വരണാധികാരിയെ ഏൽപ്പിക്കണം. എന്നാൽ ഏതെങ്കിലും അയൽക്കൂട്ടത്തിന് തങ്ങളെക്കൂടി നിശ്ചിത സമയപരിധിക്കുള്ളിൽ അഫിലിയേറ്റ് ചെയ്തവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി കിട്ടിയിട്ടില്ലായെന്ന് പരാതിയുണ്ടെങ്കിൽ അത്തരം പരാതി രേഖാമൂലം അയൽക്കൂട്ടം സെക്രട്ടറി വിലയിരുത്തൽ സമിതി അദ്ധ്യക്ഷന്(ക്ക്) 7 (ഏഴ്) ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും വിലയിരുത്തൽ സമിതി യോഗം ചേർന്ന് പരാതി പരിഗണിച്ച് അയൽക്കൂട്ടത്തിന്റെ കാലഗണനയും നിജസ്ഥിതിയും വിലയിരുത്തി പരാതി |

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| | ലഭിച്ച് 10 (പത്ത്) ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതും രേഖാമൂലം ഇത്തരം തീർപ്പാക്കൽ, അയൽക്കൂട്ടം സെക്രട്ടറിയെ വിലയിരുത്തൽ സമിതി അദ്ധ്യക്ഷ(ൻ) അറിയിക്കേണ്ടതുമാണ്. വിലയിരുത്തൽ സമിതിയുടെ തീരുമാനത്തിന്മേൽ 7 (ഏഴ്) ദിവസത്തിനകം ബന്ധപ്പെട്ട അയൽക്കൂട്ട പ്രസിഡന്റ്, സെക്രട്ടറി, എ.ഡി.എസ്. ചെയർപേഴ്സൺ/സെക്രട്ടറി, സി.ഡി.എസ്. മെമ്പർ, ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി എന്നിവരിൽ ആർക്കെങ്കിലുമോ ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതും ജില്ലാ കളക്ടറുടെ വിധിതീർപ്പ് അന്തിമമായിരിക്കുന്നതുമാണ്. പരാതി ലഭിച്ച് 14 ദിവസത്തിനകമെങ്കിലും വിലയിരുത്തൽ സമിതി തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ അറിയിക്കാത്ത സാഹചര്യത്തിൽ അയൽക്കൂട്ടത്തിന് ജില്ലാ കളക്ടർക്ക് നേരിട്ട് പരാതി നൽകാവുന്നതാണ്. എന്നാൽ അയൽക്കൂട്ട തെരഞ്ഞെടുപ്പ് പൊതുയോഗഘട്ടം ആരംഭിക്കുന്നതിന് ഒരു മാസം മുമ്പെങ്കിലും സമർപ്പിക്കുന്ന പരാതികൾ മാത്രമെ പരിഗണനാർഹമായിരിക്കുകയുള്ളു. |

മേൽപ്പറഞ്ഞ ബൈലോ വ്യവസ്ഥകളുടെയും തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങളുടെയും സത്തയ്ക്ക് വിരുദ്ധമായ പരാമർശങ്ങളോ അനുബന്ധ വ്യവസ്ഥകളോ ബൈലോയിലോ തെരഞ്ഞെടുപ്പ് ചട്ടങ്ങളിലോ നിലവിലുണ്ടെങ്കിൽ അവയും ഇതിനനുസൃതമായ ഭേദഗതിക്ക് വിധേയമാകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം).

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

എല്ലാ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും.

എല്ലാ സി.ഡി.എസ്./എ.ഡി.എസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

സ്റ്റോക്ക്/ഫയൽ/ഓഫീസ് കോപ്പി.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

<u>പകർപ്പ്:</u>—ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.